(ബി) ഉണ്ട്. തൊഴിൽ സ്ഥലങ്ങളിൽ സ്ത്രീകൾക്കുനേരെയുള്ള ലൈംഗികാതിക്രമങ്ങൾ (തടയൽ, നിരോധനം, പരിഹാരം) ചട്ടങ്ങൾ 2013 പ്രകാരം പത്തിൽ കൂടുതൽ ഉദ്യോഗസ്ഥരുള്ള എല്ലാ സ്ഥാപനങ്ങളിലും ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിക്കുവാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നത് സംബന്ധിച്ച നിർഭയ പോളിസിയുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയും ബഹു. സാമൂഹ്യനീതി വകുപ്പുമന്ത്രി അദ്ധ്യക്ഷനായുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. കമ്മിറ്റിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്:

- തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് ജോലി ചെയ്യുന്നതിന് സുരക്ഷിതവും സമാധാനപരവുമായ അന്തരീക്ഷം സംജാതമാക്കുക.
- ലൈംഗിക പീഡനം സംബന്ധിച്ച് ഔപചാരികമായോ രേഖാമൂലമോ ലഭിച്ച എല്ലാ പരാതികളും അന്വേഷിക്കുക.
- തെളിയിക്കപ്പെട്ട എല്ലാ ലൈംഗിക പീഡന ആരോപണങ്ങളിന്മേലും ഉചിതമായ നടപടികൾ സ്വീകരിക്കുക.
- തൊഴിൽ സംബന്ധമായ ലൈംഗിക പീഡനം ഉണ്ടാകാതിരിക്കുന്നതിന് മുൻകരുതലെടുക്കുകയും അഥവാ ഉണ്ടായാൽ തടയുകയും ചെയ്യുക.

(ഡി) കമ്മിറ്റി രൂപീകരണത്തിനുശേഷം സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളുണ്ടായാൽ ആയത് തടയുന്നതിന് ചട്ടപ്രകാരമുള്ള എല്ലാ നടപടികളും അതാത് സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

എൻഡോസൾഫാൻ വിക്ടിംസ് റിലീഫ് ആന്റ് റെമഡിയേഷൻ സെൽ

9 (*519) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) എൻഡോസൾഫാൻ വിക്ടിംസ് റിലീഫ് ആന്റ് റെമഡിയേഷൻ സെല്ലിന്റെ പ്രവർത്തനം വിശദമാക്കുമോ ;

(ബി) ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശാനുസരണമുള്ള ദുരിതാശ്വാസം എന്തൊക്കെയെന്നും അത് ദുരിതബാധിതർക്കെല്ലാം ലഭ്യമാക്കിയിട്ടുണ്ടോയെന്നും അറിയിക്കാമോ ;

(സി) സാന്ത്വനവും നഷ്ടപരിഹാരവും അർഹരായ എല്ലാവർക്കും ലഭ്യമാക്കിയോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) വിക്ടിംസ് സെൽ പ്രതിമാസ യോഗം ചേരുന്നില്ലെന്നും പുനരധിവാസ-സാന്ത്വന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നില്ലെന്നുമുള്ള പരാതിയെക്കുറിച്ചുള്ള നിലപാട് വ്യക്തമാക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനായി വിവിധ തലങ്ങളിൽ നടക്കുന്ന ആശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ 2006-07-ൽ രൂപംകൊണ്ട പ്രത്യേക സെല്ലാണ് എൻഡോസൾഫാൻ വിക്ടിംസ് റിലീഫ് ആന്റ് റെമഡിയേഷൻ സെൽ. പ്രസ്തുത സെല്ലിൽ കാസർഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ കളക്ടർ കൺവീനറും സ്ഥലം എം.പി, എം.എൽ.എ.മാർ, ദുരിതബാധിത പ്രദേശങ്ങളിലെ പഞ്ചായത്ത് പ്രസിഡന്റുമാർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ, ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങിയവർ അംഗങ്ങളുമായിരുന്നു. സെല്ലിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ആശ്വാസ പ്രവർത്തനങ്ങൾക്ക് സർക്കാർ 50 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും കൂടുതൽ ശക്തമായി പ്രശ്നങ്ങളിൽ ഇടപെടുന്നതിനുമായി എൻഡോസൾഫാൻ വിക്ടിംസ് റിലീഫ് ആന്റ് റെമഡിയേഷൻ സെല്ലിന്റെ സ്ഥാനത്ത് ബഹു. കൃഷി വകുപ്പുമന്ത്രി ചെയർമാനും ജില്ലാ കളക്ടർ കൺവീനറും സ്ഥലം എം.പി., എം.എൽ.എ. മാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ദുരിതബാധിത പ്രദേശങ്ങളിലെ പഞ്ചായത്ത് പ്രസിഡന്റുമാർ, സന്നദ്ധ സംഘടനാ

LIBRARY ARCHIVES Kerala Legislative Assembly

പ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങിയവർ അംഗങ്ങളുമായുള്ള ഒരു ജില്ലാതല സെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ മുഖേന നടന്നുവരുന്ന പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി പുനഃസംഘടിപ്പിക്കപ്പെട്ട ജില്ലാതല സെൽ യോഗം ചേർന്ന് പ്രവർത്തന പുരോഗതി വിലയിരുത്തിവരുന്നുണ്ട്.

(ബി&സി) ദേശീയ മനിഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച ശിപാർശകൾ പൂർണ്ണമായി അംഗീകരിക്കുവാനും നടപ്പിലാക്കുവാനും സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട താഴെപ്പറയുന്ന വിഭാഗങ്ങളിൽപ്പെട്ടവർക്ക് ധനസഹായം ഗഡുക്കളായി അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

- പൂർണ്ണമായും കിടപ്പിലായവർക്ക് 5 ലക്ഷം രൂപ
- ബുദ്ധിമാന്ദ്യം സംഭവിച്ചവർക്ക് 5 ലക്ഷം രൂപ
- മറ്റ് ശാരീരിക വൈകല്യം ബാധിച്ചവർക്ക് 3 ലക്ഷം രൂപ
- മരണപ്പെട്ടവരുടെ ബന്ധുക്കൾക്ക് 5 ലക്ഷം രൂപ

കൂടാതെ ക്യാൻസർ രോഗികൾക്ക് മൂന്ന് ലക്ഷം രൂപ വീതം അനുവദിച്ചു കൊണ്ടും ഉത്തരവായിട്ടുണ്ട്.

പ്രസ്തുത ധനസഹായത്തിൽ അഞ്ച് ലക്ഷം രൂപ അനുവദിച്ചവർക്ക് 1.5 ലക്ഷം രൂപ വീതവും 3 ലക്ഷം രൂപ അനുവദിച്ചവർക്ക് ഒരു ലക്ഷം രൂപ വീതവും രണ്ട് ഗഡുക്കളായി അനുവദിച്ച് നൽകിയിട്ടുണ്ട്. എൻഡോസൾഫാൻ ദുരിത ബാധിതർക്ക് മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്ത പ്രത്യേക ധനസഹായം അനുവദിക്കുന്നതിനായി ആകെ 90.465 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ആയത് അർഹരായ എല്ലാവർക്കും ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) ജില്ലാതല സെല്ലിന്റെ ആദ്യ യോഗം 11-5-2013-നാണ് ചേർന്നിരുന്നത്. അതിനുശേഷം ഏതാനും ചില മാസങ്ങളിലൊഴികെ 21 മാസങ്ങളിൽ യോഗം ചേർന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly